


# മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ

**ഡീ. ജോസഫ് പട്ടേട്ട് MCBS**

മത്തായി 21:33-44

(Vol. 9, Issue 48)

ഏശയ്യാ പ്രവാചകൻ തന്റെ പ്രവാചകദൗത്യം ആരംഭിക്കുന്നതു തന്നെ (തന്റെ സ്നേഹത്തിൽ നിന്നും അകന്നുപോകുന്ന) ദൈവത്തിന്റെ ഹൃദയത്തിൽ നിന്നുയരുന്ന വിലാപത്തോടെയാണ്. "ആകാശങ്ങളെ ശ്രവിക്കുക. ഭൂതലമേ ശ്രദ്ധിക്കുക. കർത്താവ് അരുൾച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റിവളർത്തി. എന്നാൽ, അവർ എന്നോട് കലഹിച്ചു. കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു. കഴുത അതിന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ, ഇസ്രായേൽ ഗ്രഹിക്കുന്നില്ല; എന്റെ ജനം മനസ്സിലാക്കുന്നില്ല" (ഏശയ്യാ 1:2-3).

വി. മത്തായി അറിയിച്ച സുവിശേഷം 21:33-44 വരെയുള്ള വചനങ്ങൾ, പ്രതീക്ഷയോടെ മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ച് വേലി കെട്ടി കൃഷിക്കാരെ ഏൽപ്പിച്ചിട്ട് വിളവെടുപ്പുകാലത്ത് ഫലങ്ങൾ ശേഖരിക്കുവാൻ ഭൃത്യന്മാരെ അയക്കുമ്പോൾ, കൃഷിക്കാർ അവരെ കൊന്നിട്ടും, വീണ്ടുംവീണ്ടും ഭൃത്യന്മാരെ അയയ്ക്കുകയും അവസാനം സ്വപുത്രനെ തന്നെ അവരുടെ പക്ക ലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്ന ഉടമസ്ഥനെയാണ് നാം കണ്ടുമുട്ടുന്നത്. ഇങ്ങനെ സ്വപുത്രന്റെ ഹൃദയും പിളർന്ന് മുന്തിരിത്തോട്ടത്തിന് വെളിയിലേയ്ക്കെറിയുന്ന കൃഷിക്കാർ സ്നേഹപിതാവിന്റെ സ്നേഹത്തിൽ നിന്നും ബന്ധം വിച്ഛേദിക്കപ്പെട്ട് നിസ്സഹായരായി മാറുന്ന ചിത്രം സുവിശേഷത്തിന്റെ ഒടുക്കത്തിൽ നാം കണ്ടുമുട്ടുന്നു. സ്നേഹസമ്പന്നനായ പിതാവിന്റെ ഹൃദയം പിളർന്ന് അവകാശം പിടിച്ചെടുക്കാൻ ശ്രമിച്ചവരൊക്കെ ജീവിതത്തിൽ കണ്ണുനീരിന്റെ ചരിത്രം ഇറക്കിവച്ചതായി വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു.

ഏശയ്യാ പ്രവാചകന്റെ പുസ്തകം 5:7 മുതലുള്ള വാക്യങ്ങൾ ഇങ്ങനെ പറയുന്നു: "സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേലിന്റെ ഭവനമാണ്. യൂദാജനമാണ് അവിടുന്ന് ആനന്ദം കൊള്ളുന്ന കൃഷി. നീതിക്കുവേണ്ടി അവിടുന്ന് കാത്തിരുന്നു. ഫലമോ, രക്തച്ചൊരിച്ചിൽ മാത്രം. ധർമ്മനിഷ്ഠയ്ക്കു പകരം നീതി നിഷേധിക്കപ്പെടുന്നവരുടെ നിലവിളി." സ്നേഹപൂർവ്വം താൻ തിരഞ്ഞെടുത്ത ഇസ്രായേൽജനതയെ, താൻ കാണിച്ചുതരുന്ന ജീവന്റെ മാർഗ്ഗത്തിലേയ്ക്ക് ആനയിക്കുവാനായി അവരുടെ പക്കലേയ്ക്ക് പ്രവാചകന്മാരെ ദൈവം അയയ്ക്കുന്നു. എന്നാൽ, തിരസ്ക്കാരത്തിന്റെയും നിന്ദനത്തിന്റെയും മറുപടി ഏറ്റു

വാങ്ങിയ ദൈവം നിരാശനാകാതെ അവസാനം സ്വപുത്രനെപ്പോലും അയയ്ക്കുകയാണ്, താൻ നട്ടുപിടിപ്പിച്ച മുന്തിരിത്തോട്ടത്തിലെ വിളവ് ശേഖരിക്കുവാനായിട്ട്. എന്നാൽ, സ്വപുത്രനോടുപോലും അവർ കരുണ കാണിക്കുന്നില്ല. ഈ ഉപമ പറഞ്ഞുകൊണ്ട് തന്റെ ജീവിതത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ യേശു മുൻകൂട്ടി പ്രവചിക്കുകയാണിവിടെ.

ഇന്ന് നമ്മുടെ ഓരോരുത്തരുടെ ജീവിതവും ദൈവം നട്ടുപിടിപ്പിച്ച മുന്തിരിത്തോട്ടങ്ങളാണ്. തിരുസഭയാകുന്ന മുന്തിരിത്തോട്ടത്തിൽ മാമ്മോദീസായിലൂടെ നമ്മുടെ ഓരോരുത്തരുടെയും ആത്മാക്കളെ നട്ടുപിടിപ്പിച്ച ദൈവപിതാവ് സ്ഥൈര്യലേപനം, വി. കുർബാന എന്നീ കൂദാശകളിലൂടെ നനച്ചുവളർത്തി, കുമ്പസാരമെന്ന കൂദാശയിലൂടെ ദുഷ്ടന്റെ പ്രലോഭനങ്ങളിൽ നിന്നും രക്ഷ നൽകുവാനായി വേലികെട്ടി സംരക്ഷിച്ച ദൈവപിതാവ്, നമ്മെത്തന്നെ നമ്മുടെ ജീവന്റെ/ആത്മാവിന്റെ കാവൽക്കാരായി നിയമിച്ചിരിക്കയാൽ നമ്മുടെ ജീവിതങ്ങളെ ഈ വിശുദ്ധ ദൈവാലയത്തിൽ വച്ച് ആത്മശോധനയ്ക്ക് വിധേയമാക്കാം.

തന്റെ വിലയേറിയ തിരുരക്തം നൽകി വീണ്ടെടുത്തു രക്ഷിച്ച തിരുസഭയാകുന്ന പുതിയ ഇസ്രായേൽ ഭവനത്തിൽ, മാമ്മോദീസായിലൂടെ അവിടുത്തെ മകനായി/മകളായി ഉയർത്തിക്കൊണ്ട് വിശുദ്ധിയിലും പുണ്യജീവിതത്തിലും വളരുവാൻ സഹായകനായ പരിശുദ്ധാത്മാവിനെയും നൽകി, അവസാനം നമ്മുടെ കൂടെയായിരിക്കുവാൻ, പോരാ നമ്മുടെയുള്ളിൽ തന്നെ നിരന്തരം വസിക്കുവാൻ ആഗ്രഹിച്ച് കൊതിയോടെ ഓരോ ദിനവും നമ്മുടെ അടുക്കലേയ്ക്ക് വരുന്ന ആ ദൈവികസ്നേഹത്തെ തിരസ്കരിച്ച് അവിടുത്തോട് മറുതലിച്ച നിരവധി അവസരങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ലേ? ഒരുപക്ഷെ, ഇന്നും നമ്മുടെ ആത്മാവിന്റെ സംരക്ഷകരായ നാം ആ ആത്മാവിനെ വേണ്ടവിധത്തിൽ സംരക്ഷിക്കുവാൻ ശ്രദ്ധിക്കാറുണ്ടോ? നമ്മുടെ ശരീരത്തിനും ലൗകീകജീവിതത്തിന്റെ വളർച്ചയ്ക്കാവശ്യവുമായ എല്ലാവിധ പോഷകങ്ങളും നൽകി അവയെ അഭിവൃദ്ധിപ്പെടുത്തുവാനായി പരിശ്രമിച്ച് നാം ഓടി നടക്കുമ്പോൾ ഓർമ്മിക്കുക, നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലിരുന്ന് വേദനിക്കുന്ന ഒരു തമ്പുരാനുണ്ടെന്ന്. നാശത്തിലേയ്ക്ക് നയിക്കുന്ന പിശാചിന്റെ ആധിപത്യത്തിൽ നിന്നും നമ്മെ ഓരോരുത്തരെയും രക്ഷിക്കുവാനായി ഈ മണ്ണിൽ മനുഷ്യനായി അവത രിച്ച് ഘോരമായ പീഡനങ്ങളേറ്റുവാങ്ങിയ ദൈവം ഇന്നും നമുക്കുവേണ്ടി വേദനകൾ അനുഭവിക്കുന്നുണ്ട്. ആ വേദന നമ്മുടെ ആത്മാവിന്റെ തകർച്ചയെ ഓർത്തു മാത്രമാണ്. സ്നേഹമുള്ളവരെ, ഈ നോമ്പുകാലത്തിൽ നമ്മുടെ ജീവിതത്തെ തികച്ചും ആത്മശോധനയ്ക്ക് വിധേയമാക്കാം. "ഒരുവൻ ഈ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?" എന്ന യേശുനാഥന്റെ വചനം നമ്മുടെ ഹൃദയത്തിൽ എപ്പോഴും മാറ്റൊലി കൊള്ളണം.

പൗലോസ് ശ്ലീഹാ, ഗലാത്തിയർക്കുള്ള ലേഖനത്തിലൂടെ എങ്ങനെയാണ് നമ്മുടെ ജീവിതങ്ങളിൽ യഥാർത്ഥഫലങ്ങൾ പുറപ്പെടുവിക്കേണ്ടത് - ദൈവത്തിനിഷ്ടമായ ഫലങ്ങൾ പുറപ്പെടുവിക്കേണ്ടത് എന്ന് പറഞ്ഞുതരുന്നുണ്ട്. "ഞാൻ നിങ്ങളോട് പറയുന്നു: ആത്മാവിന്റെ പ്രേരണയനുസരിച്ച് വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ, ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്. ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്.

ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കും അറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, മദ്യപാനം, മദിരോത്സവം ഇവയും ഈദൃശ്യമായ മറ്റു പ്രവർത്തികളുമാണ്. എന്നാൽ ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല." യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വി കാരങ്ങളോടും മോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാ. 5:16-24).

ഇപ്രകാരം പഴയനിയമ ഇസ്രായേൽജനത ഉപേക്ഷിച്ചുകളഞ്ഞ യേശുനാഥനെ സ്വീകരിച്ചവരായ നമ്മൾ അവിടുത്തേയ്ക്ക് ഇഷ്ടമായ പ്രവർത്തികളിൽ ജീവിച്ച് ഈ നോമ്പുകാലം ഫലദായകമാക്കുവാൻ തമ്പുരാൻ അനുഗ്രഹിക്കട്ടെ.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.